# തിരുമണിവെങ്കിടപുരം തടിതുള്ളലും ബാലിദ്വീപും ദേശചരിത്രരചനയിലെ പുതുക്കങ്ങൾ

**ഡോ. സ്വപ്ന ശ്രീനിവാസൻ**
അസി. പ്രൊഫസ്സർ, മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

**പ്രബന്ധസംഗ്രഹം**

ചരിത്രരചനയിൽ നിർണ്ണായകമാകുന്ന സമൂഹാബോധത്തെ സംബന്ധിക്കുന്ന തത്വങ്ങളും അവയാൽ നിർണ്ണയിക്കപ്പെടുന്ന ചരിത്രരചനയുമാണ് ഈ പ്രബന്ധത്തിന്റെ കേന്ദ്രം. വൈക്കം തിരുമണി വെങ്കിടപുരം ഗ്രാമത്തിലെ തടിതുള്ളലും തെക്കുകിഴക്കൻ ഏഷ്യയിലെ മലയാദ്വീപസമൂഹങ്ങളിൽപ്പെട്ട ബാലിദ്വീപുമായുള്ള ബന്ധവും അതിന്റെ പശ്ചാത്തലമായി അനുമാനിക്കാൻ കഴിയുന്ന ചരിത്രവസ്തുതകളുമാണ് ഇതിൽ പ്രതിപാദിക്കുന്നത്. സമൂഹാബോധത്തിൽ അടിച്ചേൽപ്പിക്കപ്പെടുന്നതോ അല്ലാത്തതോ ആയ ഓർമ്മകളെയും സമ്മതമായ മറവികളെയും കുറിച്ചുള്ള ചരിത്രരചനാസിദ്ധാന്തങ്ങൾക്കുള്ള ഒരു പ്രയോഗമാതൃകയാണിത്.

**താക്കോൽവാക്കുകൾ**

തടിതുള്ളൽ, ബാലിദ്വീപ്, തെങ്കാനൻ, സാംസ്കാരികചരിത്രരചന, ഓർമ്മ, മറവി, സമൂഹപഠനങ്ങൾ, ല്യൂ ദി മെമ്മയർ, തിയേറ്റേഴ്സ് ഓഫ് മെമ്മറി, വസൂരി, വജ്രയാന ബുദ്ധമതം, താന്ത്രിക, കാപാലിക ആരാധനകൾ.

**ഒ**രിക്കൽ സന്ധ്യാനേരത്ത് നാട്ടിൽ വൈക്കത്തിനടുത്ത് ഒരു യാത്രയ്ക്കിടയിൽ വഴിയൽ കൊട്ടും പാട്ടും തീവെട്ടികളുമായി ഒരാൾക്കൂട്ടം. പത്താമുദയത്തോടനുബന്ധിച്ച് അടുത്തുള്ള ക്ഷേത്രങ്ങളിലേക്കുള്ള തടിതുള്ളലാണ്. വഴിപാടായി ആൾത്തടികൾ ചുട്ട് നിവേദിക്കാനായി കൊണ്ടുപോകുന്നു. സ്കൂൾകാലം മുഴവൻ

എത്രയോതവണ കണ്ടിട്ടുള്ള കാഴ്ച! പക്ഷേ, അന്ന് ആദ്യമായി കാണുംപോലെ ചില ദൃശ്യങ്ങൾ മിന്നൽപോലെ തെളിഞ്ഞുവന്നു; അക്കാലത്ത് ചെയ്തുകൊണ്ടിരുന്ന ഒരു പ്രോജക്റ്റിന്റെ ഭാഗമായി നിരന്തരം വായിച്ചുകൊണ്ടിരുന്ന എസ്. കെ. പൊറ്റെക്കാട്ടിന്റെ 'ബാലിദ്വീപ്' യാത്രാവിവരണത്തിലെ ചില രംഗങ്ങൾ!

ഒരു ദേശത്തിന്റെ ജീവിതം ആയിരത്താണ്ടുകളായി പരന്നുകിടക്കുന്ന, പരിണമിച്ചുപരിണമിച്ച് ചിലപ്പോഴൊക്കെ പരസ്പരബന്ധമില്ലാതെയായിത്തീർന്നിരിക്കാൻപോലും ഇടയുള്ള കാലഘട്ടങ്ങളുടെ ദീർഘചരിത്രമാണ്. എങ്കിലും ചിലപ്പോഴൊക്കെ പൊട്ടിയ ചങ്ങലക്കണ്ണികൾ കോർത്ത് ചില പരസ്പരബന്ധങ്ങൾ കണ്ടെടുക്കാൻ പ്രപഞ്ചം ചില അടയാളങ്ങൾ ഇട്ടുവച്ചേക്കും. ദുരൂഹമായ കുറ്റകൃത്യങ്ങളിൽപ്പോലും മായ്ക്കാൻ മറന്ന് അവശേഷിക്കുന്നതെന്നു കരുതുന്ന അതിസൂക്ഷ്മമായ ചില തുരുമ്പുകൾ ഉണ്ടാകുമെന്നാണല്ലോ. അവ വീണുകിട്ടുന്നതനുസരിച്ച് തുന്നിച്ചേർക്കുമ്പോഴാണ് സംഗതമായ ചരിത്രപാഠങ്ങൾ ഉണ്ടാകുന്നത്. പ്രത്യക്ഷത്തിൽ സമൂഹോപരിതലത്തിൽ നിലനിൽക്കുന്ന ജ്ഞാനനിർമ്മിതികളും പരിചിതമായ സൈദ്ധാന്തികസ്വരൂപങ്ങളും വിട്ട് സ്വതന്ത്രപാഠങ്ങളിലേക്ക് ചരിത്രരചന വികസിക്കുന്നത് ഈ ഘട്ടത്തിലാണ്. ചരിത്രാതീതകാലം എന്ന പരികല്പന പോലും എഴുതപ്പെട്ട ചരിത്രങ്ങളെ മുൻനിർത്തിയുള്ള ചരിത്രരചനാപദ്ധതികളുടെ വീക്ഷണകോണുകൾക്കനുസരിച്ചാണ് സംഗതമാകുന്നത്. ആരുടെ ചരിത്രം, ആരുടെ താത്പര്യം സംരക്ഷിക്കുന്ന ചരിത്രം, ആരുടെ നന്മയ്ക്കുവേണ്ടിയുള്ള ചരിത്രം എന്നിങ്ങനെ അതിൽ ചോദ്യങ്ങൾ സാദ്ധ്യമാണ്.

ഫോക്‌ലോർ ക്രോഡീകരണങ്ങളുടെ ഘട്ടത്തിൽമാത്രം യൂറോപ്യന്മാർ കുറെയെങ്കിലും തിരിച്ചറിഞ്ഞ സമൂഹമനശ്ശാസ്ത്രത്തിന്റെയും പ്രത്യയശാസ്ത്രഘടനകളുടെയും ആന്തരതലം ചരിത്രരചനയിലാണ് രാഷ്ട്രീയനിർമ്മിതിയായി മനസ്സിലാക്കാൻ കഴിയുന്നത്. വെരിയർ എൽവിൻ ശേഖരിച്ച വടക്കുകിഴക്കേ ഇന്ത്യയിലെ നാടോടിക്കഥകൾ ഇത്തരത്തിൽ പരിചിതമായ എല്ലാ യുക്തികളെയും മറികടക്കുന്നതായി കാണാൻ കഴിയും. ഓർഡർ ഓഫ് തിങ്സിൽ ഫൂക്കോ രേഖപ്പെടുത്തിയിരിക്കുന്ന ജന്തുക്കളുടെ ശ്രേണീകരണത്തിന്റെ ക്രമംപോലെ അത് ഏത് ആശയസംഹിതയു

ടെ ഭാഗമാണോ ആ ആശയലോകം പരിചിതമല്ലാത്ത ഒരു സമൂഹത്തിന്റെ വിചിത്രയുക്തികളുടെ സഞ്ചയമായി അവതരിക്കാം.

**ഓർമ്മയുടെയും മറവിയുടെയും സമൂഹപഠനങ്ങളുടെ ചരിത്രരചനാപരമായ പ്രസക്തി**

മരിയാ അമ്പാരോ എസ്കാൻഡൺ എന്ന മെക്സിക്കൻ വംശജയായ അമേരിക്കൻ എഴുത്തുകാരി ഒരിക്കൽ കേരളം സന്ദർശിച്ചപ്പോൾ പറഞ്ഞ ഒരു വസ്തുതയുണ്ട്. അവരുടെ നാട്ടിൽ ഒരിക്കൽ വലിയ ഒരു ചുഴലിക്കാറ്റ് വീശി. അപ്പോൾ നഗരചത്വരത്തിൽ സ്ഥാപിച്ചിരുന്ന സെന്റ് ജോർജ്ജിന്റെ പ്രതിമയ്ക്ക് വലിയ ഒരു വിള്ളൽ സംഭവിച്ച് അതിന്റെ പുറം ഭാഗം അടർന്നുപോയി. അപ്പോഴുണ്ട് അതിനകത്തായി മറ്റൊരു പ്രതിമ നിൽക്കുന്നു! സെന്റ് ജോർജ്ജിനു പകരം ഒരു ഗോത്രമനുഷ്യൻ തന്റെ ഗോത്രായുധം കൊണ്ട് മറ്റേതോ പ്രാചീനജീവിയെ സമാനമായി കുത്തിക്കൊലപ്പെടുത്താനൊരുമ്പെടുന്ന നാടകീയദൃശ്യം ചിത്രീകരിക്കുന്ന മറ്റൊരു പ്രതിമ! കാലാന്തരത്തിൽ സംഭവിക്കുന്ന പ്രതീകാദേശത്തിന്റെ അങ്ങേയറ്റം ഭൗതികവും വസ്തുതാപരവുമായ ഒരുദാഹരണമാണിത്.

ഫ്രഞ്ച് ചരിത്രസൈദ്ധാന്തികനായ പിയറി നോറ ബിറ്റ്വീൻ മെമ്മറി ആൻഡ് ഹിസ്റ്ററി എന്ന കൃതിയിൽ മുമ്പോട്ടു വയ്ക്കുന്ന 'ല്യൂ ദി മെമ്മയർ'[1] , എറിക് ഹോബ്സ്ബാമിന്റെ (Eric Hobsbawm) 'ഇൻവെന്റഡ് ട്രഡിഷൻ', ബെനഡിക്റ്റ് ആൻഡേഴ്സന്റെ (Benedict Anderson) 'ഇമാജിൻഡ് കമ്മ്യൂണിറ്റീസ് ', ഇംഗ്ലീഷ് ചരിത്രകാരൻ റാഫേൽ സാമുവലിന്റെ (Raphael Samuel) 'തിയേറ്റേഴ്സ് ഓഫ് മെമ്മറി'[2] തുടങ്ങിയ പരികല്പനകൾ സമൂഹാബോധത്തിൽ ഓർമ്മയുടെയും മറവിയുടെയും ആഖ്യാനങ്ങൾ എങ്ങനെ പരിവർത്തനം സാദ്ധ്യമാക്കുന്നു എന്ന് വിവിധ ചരിത്രസന്ദർഭങ്ങളെ മുൻനിർത്തി അവലോകനം ചെയ്യുന്നുണ്ട്. ഫ്രഞ്ച് സോഷ്യോളജിസ്റ്റ് മൗറിസ് ഹോബ്വാച്സ് (Mourice Halbwachs) തനിച്ചും എമിലി ഡുർഖൈമിനോടൊപ്പവും (Emile Durkheim) ഓർമ്മയെയും മറവിയെയും കുറിച്ചു നടത്തിയിട്ടുള്ള പഠനങ്ങളിൽ സമൂഹാബോധത്തിൽ ഓർമ്മ പ്രവർത്തിക്കുന്നതിന്റെ വിവിധതലങ്ങൾ ആഴത്തിൽ അന്വേഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ദി സോഷ്യൽ ഫ്രെയിം വർക്ക് ഓഫ് മെമ്മറി (1925), ദി ലെജൻഡറി ടോപോഗ്രാഫി ഓഫ് ദി ഗോസ്പൽസ് ഇൻ ദി

ഹോളിലാൻഡ് (1941), ദി കളക്റ്റീവ് മെമ്മറി (1950) എന്നീ മൂന്നു കൃതികൾ ഓർമ്മയുടെ സമൂഹപഠനങ്ങളാണ്.

നൂറ്റാണ്ടുകൾ കൊണ്ട് അടിച്ചേൽപ്പിക്കുന്ന ഓർമ്മകളും സമ്മതമായ മറവികളും ഉണ്ടാകാം. ഇവ പൊതുവായി അനുഷ്ഠിക്കപ്പെടുന്ന ആചാരങ്ങൾകൊണ്ടോ ഉത്സവങ്ങൾകൊണ്ടോ നീതിമത്കരണത്തിനു വിധേയമായി ഒരു ജനസമൂഹത്തിൽ ഊട്ടി



തടി നിവേദ്യം

യുറപ്പിക്കപ്പെട്ട് തികച്ചും മറ്റൊന്നായി ആവിഷ്കരിക്കപ്പെടാം. ജനതയിൽ രൂഢമൂലമായ വിശ്വാസസംഹിതകളെ തകർക്കാൻ അവരിൽ ഒരു വിഭാഗത്തെ ഉപകരണങ്ങളാക്കിക്കൊണ്ടുതന്നെ മറ്റുചില വിശ്വാസസംഹിതകൾ അടിച്ചേൽപ്പിക്കുന്നതും ചരിത്രത്തിന്റെ നാടകീയതകളിലൊന്നാണ്.

**തിരുമണിവെങ്കിടപുരം- ദേശവും വിശ്വാസസ്വഭാവത്തിന്റെ വിശദാംശങ്ങളും**

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ വൈക്കത്തിനു തെക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന ചെറുഗ്രാമമാണ് തിരുമണിവെങ്കിടപുരം. തെക്കും പടിഞ്ഞാറും വേമ്പനാട്ടുകായലും കിഴക്ക് കരിയാറും അതിരായി മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ സ്ഥലം തോടുകൾ, കുളങ്ങൾ, കാവുകൾ,

നെൽവയലുകൾ എന്നിവയാൽ സമൃദ്ധമായിരുന്നു. ഇപ്പോൾ കേരളത്തിൽ പൊതുവായി സംഭവിച്ചിട്ടുള്ള പരിസ്ഥിതിനാശം ഇവിടെയും സംഭവിച്ചിട്ടുണ്ട്. കായലിനക്കരെ പടിഞ്ഞാറ് വാരനാട്, പള്ളിപ്പുറം, കടക്കരപ്പള്ളി, ചേർത്തല തുടങ്ങിയ സ്ഥലങ്ങൾ, തെക്ക് തണ്ണീർമുക്കം, കൊക്കോതമംഗലം തുടങ്ങിയ പ്രദേശങ്ങൾ. കിഴക്ക് ശ്രീനാരായണഗുരു കണ്ണാടിപ്രതിഷ്ഠ നിർവ്വഹിച്ച ഉല്ലല ഓംകാരേശ്വരം, തലയാഴം, കല്ലറ തുടങ്ങിയ പ്രദേശങ്ങൾ. അപ്പർ കുട്ടനാടിന്റെ വടക്കേയറ്റമാണ് വൈക്കം. കൊടുങ്ങല്ലൂർ, പറവൂർ ഭാഗത്തുനിന്നുള്ള തീരദേശപാതയും ചേർത്തല, പള്ളിപ്പുറം വഴിയോ വാരനാട്, ചെങ്ങണ്ട വഴിയോ ഉള്ള ജലപാതകളും ഉപയോഗിച്ചാൽ തിരുമണിവെങ്കിടപുരത്തെത്താം. കൊടുംകൊല്ലൂർ നിന്ന് ചേർ-തല വഴി 'തലയാഴ'ത്തും ഒടുവിൽ 'കല്ലറ'യിലും എത്തുന്ന ഒരു മരണപ്പാച്ചിലിന്റെ സ്ഥലനാമപ്രത്യക്ഷം ഈ സാംസ്കാരികഭൂപടരചനയിൽത്തന്നെയുണ്ട്. എത്രയോ എളുപ്പമായിരുന്നിട്ടും നൂറ്റാണ്ടുകൾ നീണ്ട, നാടുവാഴിഭരണം മുതൽ ജനായത്തഭരണം വരെയുള്ള ഭരണകൈമാറ്റങ്ങളുടെ വ്യത്യസ്ത കാലയളവുകളിൽ ഒരുകാലത്തും മുഖ്യധാരയായി അടയാളപ്പെടുകയോ വികസിക്കുകയോ ചെയ്യാതെപോയ ഒരു ഉൾവഴിയാണ് ഈ സാംസ്കാരികഭൂപടത്തിലുള്ളത്. ഈ പ്രദേ



തടി മൂർത്തിക്കു സമർപ്പിക്കുന്ന ചടങ്ങ്

ശങ്ങൾ പൊതുവായി പങ്കുവയ്ക്കുന്ന അനുഷ്ഠാനങ്ങളിൽ ഒന്നാണ് തടിതുള്ളൽ.

**തടിതുള്ളൽ**

തിരുമണിവെങ്കിടപുരത്തെ അബ്രാഹ്മണക്ഷേത്രങ്ങളോടനു ബന്ധിച്ചു നടത്തുന്ന ഒരു അനുഷ്ഠാനമാണ് തടിതുള്ളൽ. പത്താമുദയത്തിനോ 'ഏഴാംപൂജ' എന്നറിയപ്പെടുന്ന പത്താമുദയം കഴിഞ്ഞുള്ള ഏഴാംനാളിലോ ആണ് ഇത് ആഘോഷിക്കുന്നത്. ശിവന്റെ ഭൂതഗണങ്ങളിലൊരാളായി വിശേഷിപ്പിക്കപ്പെടുന്ന ഘണ്ടാകർണ്ണനുള്ള നിവേദ്യമായി തടിചുടുകയും പാകമായ തടി ആൾക്കൂട്ടമായി കൊട്ടും മേളവുമായി ഘണ്ടാകർണ്ണന് നിവേദിക്കുകയുമാണു ചെയ്യുന്നത്.

**തടികൾ പലതരം**

ആൾത്തടി, കൈത്തടി, കാൽത്തടി, തലത്തടി, പശുത്തടി എന്നിങ്ങനെ പല തരത്തിലുള്ള തടികളുണ്ട്. ആൾനാശത്തിൽ നിന്നു രക്ഷിക്കാൻ ആൾത്തടി, അവയവങ്ങൾക്കു വരുന്ന വ്യാധികൾക്ക് അതത് അവയവങ്ങളുടെ തടികൾ, വളർത്തുമൃഗങ്ങളുടെ രക്ഷയ്ക്ക് പശുത്തടി - ഇങ്ങനെയാണ് ഇതിന്റെ സങ്കല്പം. തടിയുടെ രൂപമനുസരിച്ചാണ് ഈ പേരുകൾ വന്നിട്ടുള്ളത്. ആൾരൂപത്തിലുള്ളത് ആൾത്തടി, തലയും ഉടലും വെവ്വേറെ പാളകളിലായി തയ്യാറാക്കിയെടുത്ത് തുന്നിച്ചേർത്ത് വാഴപ്പോളയും കുരുത്തോലയും കൊണ്ടലങ്കരിച്ച് ചാടിൽ വച്ചുകെട്ടിയാണ് ആൾത്തടി കൊണ്ടുപോകുന്നത്. മനുഷ്യന്റെ കൈ, കാൽ, തല എന്നീ രൂപങ്ങളിലുള്ളത് കൈത്തടി, കാൽത്തടി, തലത്തടി എന്നിവ. ഇവയിൽ കൈത്തടിക്കും കാൽത്തടിക്കും ഏതാണ്ട് ഒരേ രൂപമാണുള്ളത്. പാളയുടെ നീളത്തിൽ ഉരുട്ടി തുന്നിക്കെട്ടി അതത് അവയവങ്ങളുടെ ആകൃതി വരുത്തിയാണ് ഇതു തയ്യാറാക്കുന്നത്. തലത്തടിയ്ക്കാകട്ടെ പാള വട്ടംമടക്കി ത്രികോണാകൃതിയിൽ വളച്ച് ഏതാണ്ട് കുമ്പാളത്തൊപ്പിപോലെയാക്കി കൂട്ടിത്തുന്നി തലയുടെ ആകൃതി വരുത്തും. പശുത്തടിക്ക് പാളയിൽ തയ്യാറാക്കിയ തടി വാഴപ്പോള പൊതിഞ്ഞ് പശുവിന്റെ മുഖംമൂടിവച്ച് കുരുത്തോല പിന്നിയുണ്ടാക്കിയ വാൽ പിടിപ്പിച്ച്, നാലു

കാലുള്ള ചാടിൽ വച്ചുകെട്ടി കുരുത്തോല കൊണ്ടലങ്കരിച്ചു കൊണ്ടുപോകും.

അരിമാവുകൊണ്ടാണ് തടി തയ്യാറാക്കുന്നത്. ദിവസങ്ങൾ നീളുന്ന അദ്ധ്വാനം കൊണ്ടാണ് ഇതു പാകം ചെയ്യുന്നതിനും ചുടുന്നതിനും ആവശ്യമായ വസ്തുക്കൾ ഒരുക്കിയെടുക്കുന്നത്. തടി നേർച്ചയുള്ള വീടുകളിലും അയൽപക്കങ്ങളിലുമുള്ള കൊച്ചുകുട്ടികൾ മുതൽ വയസ്സുചെന്നവർവരെ ഇതിൽ പങ്കാളികളാകുന്നു.

പച്ചരി വെള്ളത്തിലിട്ട് മരത്തിന്റെ ഉരലിൽ ഇടിച്ച് മുറത്തിലിട്ട് തെള്ളിയെടുക്കുന്ന പൊടി ശർക്കരപ്പാനിയിൽ തേങ്ങാപ്പീര, കദളിപ്പഴം, തേൻ, കൽക്കണ്ടം, ഉണക്കമുന്തിരി, ഈന്തപ്പഴം, ചുക്ക്, ഏലയ്ക്ക, ജീരകം, എള്ള്, കശുവണ്ടിപ്പരിപ്പ്, ശുദ്ധമായ തെങ്ങിൻ കള്ള് (മധു എന്നാണ് ഇതിനു പറയുന്നത്) എന്നിവ ചേർത്ത് കുറുക്കപരുവത്തിൽ കുഴച്ചുവയ്ക്കുന്നു. തലേദിവസം വെള്ളത്തിലിട്ടുകുതിർത്ത് മൃദുവാക്കിവച്ചിരുന്ന കമുകിൻപാള വൃത്തിയായി തുടച്ചെടുത്ത് അരികുകൾ വഴുക (പച്ച തെങ്ങോലയുടെ നടുക്കുള്ള ബലമുള്ള നാര്) കൊണ്ട് കൂട്ടിത്തയ്ച്ച് കീഴറ്റം ബലമായി കെട്ടി സഞ്ചിപോലെയാക്കി വച്ചിരിക്കും. ഇതിലേക്ക് തയ്യാറാക്കിവച്ച മിശ്രിതമൊഴിച്ച് ഭദ്രമായി കെട്ടുന്നു. ഒന്നേകാൽ, മൂന്നേകാൽ, അഞ്ചേകാൽ, പതിനഞ്ചേകാൽ, ഇരുപത്തൊന്നേകാൽ എന്നിങ്ങനെ ഒറ്റസംഖ്യകളായിട്ടാണ് അരിയുടെ അളവ്. ഒരു കിലോ അരിക്ക് മുക്കാൽക്കിലോ ശർക്കരയും രണ്ടു തേങ്ങയുമാണ് കണക്ക്. ആൾത്തടിനേർച്ചയ്ക്ക് ഏതു ക്ഷേത്രത്തിലേയ്ക്കാണോ നേർച്ചയർപ്പിക്കുന്നത്, ആ ക്ഷേത്രത്തിൽ തലേദിവസം ചെന്ന് അരിയും പൂവും വാങ്ങിക്കൊണ്ടുവന്ന് അതുകൂടി ചേർത്താണ് കുഴയ്ക്കുന്നത്.

ഇളക്കമുള്ള മണ്ണിൽ ചുടാനുള്ള പ്രതലം തയ്യാറാക്കിയെടുക്കലാണ് തടിചുടലിന്റെ ആദ്യഘട്ടം. കത്തിക്കാൻ വേണ്ട ചിരട്ടകളും കൊതുമ്പുകളും ചുള്ളിക്കമ്പുകളും ദിവസങ്ങൾക്കുമുമ്പേ ശേഖരിച്ച് ഉണക്കിയെടുത്തുവച്ചിട്ടുണ്ടാകും. കുട്ടികൾ മുതൽ പ്രായമായവർ വരെ ചുറ്റുവട്ടത്തുള്ള വീടുകളിലും പറമ്പുകളിലുമൊക്കെ നടന്നാണ് ഇവ ശേഖരിക്കുന്നത്. വിഷുവിനോടടുപ്പിച്ച് മഴയുണ്ടാകും എന്നുള്ളതുകൊണ്ടുകൂടിയാണ് ഇവയൊക്കെ കാ

ലേക്കുട്ടി സംഭരിച്ചുവയ്ക്കുന്നത്. തടിചുടുന്നതിനുമുമ്പായി തടംകോരിയിടത്ത് ചിരട്ടനിരത്തിയിട്ടു കത്തിക്കുന്നു. മണൽ പഴുത്തുകഴിയുമ്പോൾ തടിയ്ക്കായി തയ്യാറാക്കിയ മിശ്രിതം നിറച്ച പാളകൾ അതിന്മേൽ നിരത്തുന്നു. അതിനുശേഷം മണൽ കൊണ്ടുതന്നെ മൂടുന്നു. വീണ്ടും കൊതുമ്പ്, ചൂട്ട് മുതലായവ ഇതിന്റെ മുകളിലിട്ടു കത്തിക്കുന്നു. കുഴിച്ചിട്ട വസ്തു തീയും മണ്ണും മാറ്റി ഇടയ്ക്കു മറിച്ചിട്ടു കൊടുത്ത് വീണ്ടും മണ്ണിട്ടു മൂടി തീകൂട്ടി കത്തിക്കുന്നു. അകത്തെ മിശ്രിതം എല്ലാവശവും പാകത്തിനു വെന്ത് ഉറച്ചു കട്ടിയായിക്കഴിയുമ്പോഴാണ് അതിനെ 'തടി' എന്നു വിളിക്കുക.

മൂന്നു രീതിയിൽ പാകം നോക്കാം:

1. പച്ചമണം മാറിയോ എന്ന് വാസനകൊണ്ട് അറിയാൻ കഴിയും.
2. തടിയിൽ ഞെക്കിനോക്കിയാൽ ശരീരപേശികളുടെ മാർദ്ദവം കലർന്ന ദൃഢത അനുഭവപ്പെടുന്നുണ്ടെങ്കിൽ പാകമായി എന്നർത്ഥം.
3. പച്ചീർക്കിൽ കൂർപ്പിച്ച് തടിയിലേക്കു കുത്തിയിറക്കി നോക്കിയാൽ അതിൽ ഒന്നും പറ്റിപ്പിടിച്ചിരിപ്പില്ലെങ്കിൽ കൃത്യം പാകമായിരിക്കും.

വളരെക്കാലം ചെയ്തുള്ള കൈത്തഴക്കമുള്ളവർക്ക് വാസന പരക്കുമ്പോൾത്തന്നെ പാകമറിയാൻ കഴിയും. അല്ലാത്തപക്ഷം സ്പർശം കൊണ്ടറിയാം. അപൂർവ്വം സന്ദർഭങ്ങളിൽ പരിചയമില്ലാത്തവരോ ആദ്യമായി ചുടുന്നവരോ ആണ് ചെയ്യുന്നതെങ്കിൽ മാത്രമേ പച്ചീർക്കിൽ കൊണ്ട് കുത്തിനോക്കേണ്ടിവരുന്നുള്ളൂ. വേണ്ടത്ര പാകമായിട്ടില്ലെങ്കിൽ അല്പനേരംകൂടി വളരെ കുറഞ്ഞ തീയിലോ ചൂടുള്ള മണലിലോ ചെറിയ കനലിലോ ഇട്ടേക്കാം. കൂടുതൽ സമയമിട്ടു തീകൊടുത്താൽ കരിഞ്ഞുപോകും. പാകമായിക്കഴിയുമ്പോൾ അതിനെ പച്ചമടലിന്റെ പത്തിവശംകൊണ്ട് പൊക്കിയെടുത്ത് തടിയിൽ പറ്റിയ മണ്ണ് വരണ്ടിമാറ്റി ആറാൻവയ്ക്കും. ചൂടാറിയശേഷം വാഴപ്പോളകൊണ്ടു പൊതിഞ്ഞ് കുരുത്തോലകൊണ്ട് അലങ്കരിക്കും. ആൾത്തടികൾ മുളകൊണ്ടുള്ള ഒരു മഞ്ചം തയ്യാറാക്കി അതിൽ വച്ച് ചുമന്നാണ് കൊണ്ടുപോകുക. ആൾത്തടിയുടെ മദ്ധ്യഭാഗത്തായി ഒരു കൂർത്ത പന്തം കുത്തിയിറക്കി അതിൽ എണ്ണയൊഴിച്ച് തീകൊളുത്തി ആ തീയണയാ

തെയാണ് പോകുക. ഏറ്റവും മുൻപിൽ തീവെട്ടി പിടിച്ച് ഒരാൾ പോകും അതിനു പിറകിൽ വാദ്യക്കാർ, അതിനു പിറകിൽ തടി, അതിനു പിറകിൽ വലിയ ആൾക്കൂട്ടം - ഇങ്ങനെ ആഘോഷ



തടി ചൂരൽ

മായിട്ടാണ് കൊണ്ടുപോകുക. ചിലയിടങ്ങളിൽ മാത്രം സ്ത്രീക ളുടെ താലപ്പൊലി അകമ്പടിയായി ഉണ്ടാകും. പലേടങ്ങളിലും 'കള്ളു തുള്ളൽ' എന്ന് അപരനാമം തന്നെയുള്ള ആൺകൂട്ടങ്ങളു ടെ തുള്ളലായിട്ടാണ് ഇത് അറിയപ്പെടുന്നത് എന്നതിനാൽ നി വേദിക്കാൻ തുള്ളിക്കൊണ്ടുപോകുന്നിടത്ത് സ്ത്രീപ്രാതിനിധ്യം കുറവാണ്.

ആൾത്തടി നടത്തുന്ന വീടുകളിൽ തലേന്നുമുതൽ കൊട്ടും മേളവും മത്സ്യമാംസാദികൾ ഉപയോഗിച്ചുള്ള സദ്യയും മദ്യ സേവയുമുണ്ടാകും. ആൾത്തടികളുടെ കാര്യത്തിൽ തലേന്നു വൈകുന്നേരം തുടങ്ങുന്ന തടിചുടൽ പിറ്റേന്ന് സന്ധ്യമയങ്ങുന്ന നേരത്താണ് ക്ഷേത്രത്തിൽ സമർപ്പിക്കുന്നത്. പലർ മാറിമാറി ചുമന്ന്, പോകുന്ന വഴിയിലും മദ്യപിച്ചാണ് ക്ഷേത്രത്തിലെത്തുക. കര മുഴുവനുമുള്ള പല വീടുകളിൽനിന്നും ഇപ്രകാരം തടികൾ നിവേദിക്കാനായി തുള്ളിക്കൊണ്ടുവരുന്ന ഘോഷയാത്രകൾ പല ഊടുവഴികളിലൂടെ കടന്നുവന്ന് പെരുവഴികളിൽ സന്ധിച്ച് പിറകെ പിറകെ ക്ഷേത്രമതിലിനു വെളിയിലെത്തിനിൽക്കും.

ഇതിനിടെ ഉന്തും തള്ളും ബഹളവും തടി തട്ടിപ്പറിക്കലും ഒക്കെ നടക്കും. അതുകൊണ്ടുതന്നെ കയ്യൂക്കും തടിമിടുക്കും ഉള്ളവരെയാണ് തടിചുമക്കാൻ നിയോഗിക്കുക.

**തടി ചൂരൽ**

ഉന്തും തള്ളും അടിപിടികളും ഉണ്ടാകുമെങ്കിലും ക്ഷേത്രത്തിനു പുറത്ത് തടികൾ എത്തിക്കഴിയുമ്പോൾ വെളിച്ചപ്പാട് വാളുമായി ഇറങ്ങിവന്ന് ആദ്യം നിൽക്കുന്നവർ ആദ്യം എന്ന ക്രമത്തിൽ നേദിക്കാൻ കൊണ്ടുവന്ന തടിയിൽ വാളുകൊണ്ടു കു



തടി സമർപ്പണം

ത്തിയിട്ട് അകത്തേക്ക് കയറിപ്പോകും. പിന്നാലെ ആ തടിയുടെ ഉടമസ്ഥർ അതു ചുമന്ന് ശ്രീകോവിലിന്റെ വാതിൽക്കൽ കൊണ്ടുവയ്ക്കും. അപ്പോൾ വെളിച്ചപ്പാട് വാളുകൊണ്ട് തടിയിലെ പന്തം

കുത്തിയ ഭാഗത്തുനിന്ന് ഒരു കഷണം ചൂർന്നെടുക്കും. ഈ ചൂർന്നെടുത്ത കഷണം ശ്രീകോവിലിൽ സൂക്ഷിച്ചിട്ടുള്ള പാത്രത്തിലേക്കിട്ടശേഷം ആ തടി ഉടമസ്ഥർക്കു തിരികെ കൊണ്ടുപോകാം. മൂർത്തിക്കു നിവേദിച്ചതിന്റെ ബാക്കി തടിയുമായി അവർ തിരികെ മടങ്ങുന്നു. ഇത് നിവേദ്യമായി അവർ കഴിക്കുകയും ചുറ്റുപാടുമുള്ള എല്ലാവർക്കും കഴിക്കാനായി വിതരണം ചെയ്യുകയും ചെയ്യുന്നു.

**ബാലിദ്വീപും കേരളവും– സമാനമായ ചരിത്രവും ഭൂമിശാസ്ത്രവും**

തെക്കുകിഴക്കൻ ഏഷ്യയിൽ ഭൂമദ്ധ്യരേഖയ്ക്ക് എട്ടു ഡിഗ്രി തെക്കായിട്ടാണ് ബാലി സ്ഥിതിചെയ്യുന്നത്. മലയാദ്വീപസമൂഹത്തിൽ സമുദ്രത്തിലെ ഏറ്റവും ആഴംകൂടിയ കയത്താൽ വേർതിരിക്കപ്പെട്ടിരിക്കുന്ന ബാലി 'ഏഷ്യയുടെ ഏറ്റവും ഒടുവിലത്തെ മൈൽക്കുറ്റി' എന്നാണറിയപ്പെടുന്നത്. സി. ഇ. ഏഴാം നൂറ്റാണ്ടിലെ ബൗദ്ധതന്ത്രഗ്രന്ഥമായ മഞ്ജുശ്രീമൂലകല്പത്തിലാണ് ആദ്യമായി ബാലിയുടെ പേരു പരാമർശിച്ചുകാണുന്നത്: "ദ്വീപെ മാരുഷകെ ചൈവ നഗ്ന ബാലി... യവദ്വീപെ" എന്ന ശ്ലോകത്തിലെ 'മാരുഷകം' സുമാത്രാദ്വീപും 'നഗ്നം' നിക്കോബാർ ദ്വീപും 'യവം' ജാവാദ്വീപും 'ബാലി' ബാലിദ്വീപുമാണെന്നു കരുതപ്പെടുന്നു.

നെൽപ്പാടങ്ങളും തെങ്ങുകളും കേരളത്തിലെ വലുതും ചെറുതുമായ വൃക്ഷലതാദികളും പക്ഷിമൃഗാദികളും ഇവിടെയുണ്ട്. ആളുകളുടെ മുഖച്ഛായയിലും നിറത്തിലും വസ്ത്രധാരണരീതിയിലും കൈവേലകളിലും കുരുത്തോലയിലും പനമ്പിലും തടിയിലും മറ്റുമുള്ള അലങ്കാരപ്പണികളിലും ആഘോഷങ്ങളിലും ആചാരമര്യാദകളിലും പണിയുപകരണങ്ങളിലുമെല്ലാം സാമ്യമുണ്ട്. കേരളത്തിലേതുപോലെ ബുദ്ധമതപാരമ്പര്യവും വജ്രയാന, താന്ത്രിക അനുശീലനങ്ങളും ബാലിയിലും ഉണ്ടായിരുന്നതായി കാണുന്നു. പ്രകടമായ ബുദ്ധമതചിഹ്നങ്ങളും താന്ത്രികചിഹ്നങ്ങളും കലർന്നതാണ് ഇവിടത്തെ ജീവിതാവിഷ്കാരങ്ങൾ. പ്രാചീനബുദ്ധധർമ്മത്തിനു നിരക്കാത്ത വിചിത്രമായ പൈശാചികാരാധനകളും പൈശാചികപ്രീതിപരമായ ആചാരങ്ങളും ഇവിടെയുണ്ട്.

**ബാലിയിലെ ശവസംസ്കാരരീതി**

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ എസ്. കെ. പൊറ്റെക്കാട്ട് ബാലിദ്വീപ് സന്ദർശിച്ച അവസരത്തിൽ ബാലിയിൽ നിലവിലുണ്ടായിരുന്ന ശവസംസ്കാരരീതി അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നു:

"ബാലിക്കാരുടെ ശവദാഹം ഒറ്റയ്ക്കുള്ള ഒരേർപ്പാടല്ല - കുടുംബത്തിലെയോ ഗ്രാമത്തിലെയോ ശവങ്ങളെല്ലാം മാസങ്ങളോളം സൂക്ഷിച്ചുവച്ചതിനുശേഷം ഒരു ദിവസം കൂട്ടശവദാഹം നടത്തുകയാണു പതിവ്...

...ഒരു വീട്ടിൽ മരണമുണ്ടായാൽ മൂന്നു ദിവസത്തിനകം അടുത്തും ദൂരത്തുമുള്ള എല്ലാ കുടുംബാദികളെയും മരണവാർത്ത അറിയിച്ചുകൊള്ളണം. അവരെല്ലാവരും പരേതന്റെ വീട്ടിൽ അടിഞ്ഞുകൂടുന്നു. അവർക്കെല്ലാം പന്ത്രണ്ടുദിവസം 'ശെബല'(പുല) യാണ്. അന്യഗൃഹങ്ങളിൽ പോകാനോ അമ്പലത്തിൽ കടക്കാനോ പാടില്ല. പാട്ടും കൂത്തും സദ്യയുമായി പരേതന്റെ വീട്ടിൽത്തന്നെ പാർത്തുകൊള്ളണം. അവർ എത്രയധികം ആനന്ദിക്കുമോ അത്രയും പരേതന്റെ ആത്മാവ് സുഖിക്കുമെന്നാണ് പറയപ്പെടുന്നത്.

ശവം വീട്ടിൽ ഒരു പ്രത്യേകമുറിയിൽ, ഒരു തിണ്ണയിൽ കിടത്തിയിട്ടുണ്ടാകും. തിണ്ണയ്ക്കുചുറ്റും ഒരു മറയുണ്ടാകും...

...വീട്ടിൽ മരണം നടന്നുകഴിഞ്ഞാൽ അടുത്ത ദിവസം പുരോഹിതൻ വന്ന് പഞ്ചാംഗം നോക്കി ശവശുദ്ധികർമ്മത്തിന് (ഇതിനു 'പാബെർ സിഹാൻ' എന്നാണു പേര്) ഒരു ശുഭദിവസം നിശ്ചയിക്കും.

വീടിന്റെ മുറ്റത്തു രണ്ടു ബലിപ്പുരകൾ കെട്ടിയുണ്ടാക്കുകയാണ് അടുത്ത പരിപാടി. ഓലത്തടുക്കുകൾകൊണ്ടും കുരുത്തോലക്കോലങ്ങൾകൊണ്ടും അലങ്കരിച്ച ഈ പുരകൾ, ഒന്ന് സൂര്യദേവനും മറ്റേത് ചുടലദേവനായ 'പ്രജാപതി'ക്കും ഉള്ളതാണ്. ഇവിടെ നിത്യവും നിവേദ്യങ്ങൾ കൊണ്ടുവന്നുവയ്ക്കും.

പാബെർസിഹാന്റെ ദിവസം പുരോഹിതൻ എത്തിച്ചേർന്നാൽ ഉടനെ ശവം മുറിയിലെ തിണ്ണയിൽനിന്നെടുത്ത്, വസ്ത്രങ്ങളെല്ലാം നീക്കി ഗുഹ്യഭാഗം ഒരു വെളുത്ത കോണകംകൊണ്ടു മറച്ച് ഒരു ശവമഞ്ചത്തിൽ കിടത്തി മുറ്റത്തേക്കു കൊണ്ടുപോകും...

...പുരോഹിതൻ വേദമന്ത്രങ്ങളുരുവിട്ടുകൊണ്ട്, പിണത്തിൽ കൂടെക്കൂടെ പുണ്യാഹം കുടയുന്നു. അതുകഴിഞ്ഞാൽ അതിന്റെ തലയിൽ സുഗന്ധതൈലം പുരട്ടി, തലമുടി കോതിമിനുക്കിവയ്ക്കും... അതുകഴിഞ്ഞാൽ അരിപ്പൊടി, മഞ്ഞൾപ്പൊടി, ചന്ദനപ്പൊടി, ഉപ്പ് എന്നീ പദാർത്ഥങ്ങൾ സുർക്കയിൽ കുഴച്ചുണ്ടാക്കിയ ഒരു മാവ്, മൃതദേഹത്തിൽ മുഴുക്കെ പുരട്ടും. ശവത്തിന്റെ കാലുകളും അതുപോലെ കൈകളും തള്ളവിരലുകളിൽ ഒരു വെളുത്ത തുണിശ്ശീല കെട്ടി തമ്മിൽ ഇണക്കി ബന്ധിക്കും. പിന്നെ കൈകൾ പ്രാർത്ഥിക്കുന്ന മട്ടിൽ മാറിൽ ചേർത്തുവയ്ക്കുകയും ആ കൂപ്പുകൈക്കിടയിൽ ചെമ്പുനാണയങ്ങൾ കോർത്ത മാലകൾ തിരുകിവയ്ക്കുകയും ചെയ്യും...

...ശവം പൊതിയാക്കി വീട്ടിനകത്തു സൂക്ഷിച്ചുവയ്ക്കാനുദ്ദേശിക്കുന്നില്ലെങ്കിൽ ഉടൻ അത് വാദ്യഘോഷങ്ങളോടുകൂടി ഗ്രാമത്തിനു പുറത്തുള്ള 'സേമ'(ശ്മശാനം)യിൽ കൊണ്ടുപോയി ഒരു പ്രത്യേകസ്ഥാനത്തു കുഴിച്ചിടും...

...അടുത്ത ദിവസങ്ങളിലോ മാസങ്ങളിലോ ദഹനകർമ്മം നിർവ്വഹിക്കാൻ സാമ്പത്തികസ്ഥിതി അനുവദിക്കാത്ത സാധാരണക്കാരുടെയും കീഴ്ജാതിക്കാരുടെയും ശവങ്ങളാണ് ഇങ്ങനെ കുഴിച്ചുമൂടി സൂക്ഷിച്ചുവരുന്നത്. രാജാക്കന്മാരുടെയും ബ്രാഹ്മണരുടെയും മൃതദേഹങ്ങൾ ഒരിക്കലും കുഴിച്ചിടുകയില്ല.

അടുത്തകാലത്തു ദഹിപ്പിക്കാനുള്ളതാണെങ്കിൽ ശവം, ബാന്ദൻസൂചി കർമ്മം കഴിച്ച് മമ്മിയാക്കിപ്പൊതിഞ്ഞുകെട്ടി വീട്ടിൽ മരിച്ചവർക്കുള്ള മുറിയിൽ സൂക്ഷിച്ചുവയ്ക്കും. പത്തിരുപതു വാര നീളത്തിലുള്ള വെള്ളത്തുണികൊണ്ടു ശവം നല്ലപോലെ വരിഞ്ഞുകെട്ടി, ഒരു പുൽപ്പായിൽ പൊതിഞ്ഞ് വീണ്ടും കനത്തിൽ വെള്ളത്തുണി ചുറ്റി ആ പൊതി ഒരു മുളങ്കൂട്ടിൽ നിക്ഷേപിക്കും. ഏതാണ്ട് മീൻകൂടിന്റെ ആകൃതിയിലുള്ള ഈ പേടകത്തിന് 'റാന്തെൻ' എന്നാണ് പേര്. ശവം അടക്കം ചെയ്തുകഴിഞ്ഞാൽ റാന്തെനെ ചൂരൽവള്ളികൊണ്ടു ഭദ്രമായി ബന്ധിക്കും. ഒടുവിലത്തെ കെട്ടാണിത്.

ഉത്തരബാലിയിൽ ശവദാഹം നിശ്ചയിക്കുന്നതിനുമുമ്പ്, ദേശക്ഷേത്രത്തിൽപ്പോയി പിതൃദൈവങ്ങളോട് ശവദാഹത്തിനു സമ്മതം ചോദിക്കുന്ന ഒരു പതിവുണ്ട്. പൂജാകർമ്മങ്ങളോടുകൂടിയ ഈ ചടങ്ങിന് 'പാന്യൂഗ്ജ്ഗ്' എന്നു പറയും. അങ്ങനെ പി

തൃക്കളുടെ അനുമതി ലഭിച്ചാൽ, പിന്നെ പുരോഹിതന്റെ അനുമതിക്കുവേണ്ടി ഒരു സദ്യ നടത്തും. അതിനുശേഷം ശ്മശാനത്തിൽ പോയി മരിച്ചവരുടെ ആത്മാക്കളെ ആ സന്തോഷവാർത്ത അറിയിക്കും: 'ഇതാ, നിങ്ങളുടെ ഭൗതികദേഹങ്ങൾ ദഹിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. നിങ്ങൾ ഒരുങ്ങിയിരുന്നുകൊള്ളുവിൻ'...

...വീട്ടിൽനിന്നു ശവമെടുക്കാൻ സമയമായാൽ ഗോപുരവും ശവപ്പെട്ടിയും മുറ്റത്തു കൊണ്ടുവന്നു നിർത്തും. ശവം മുറിയിൽനിന്നു വാതിൽ കടത്തിക്കൊണ്ടുവരാൻ പാടില്ല. ചുവരിൽ ഒരു ദ്വാരമുണ്ടാക്കി അതിലൂടെയാണ് ശവം പുറത്തുകൊണ്ടുവരുന്നത്. ശവം പിടിച്ചുപറ്റാൻ പുറത്തുള്ളവർ പല പരാക്രമങ്ങളും കാണിക്കും. അതൊരു ചടങ്ങാണ്. ശവത്തിനുവേണ്ടി ഉന്തും തള്ളും ഇടിയും കുത്തും തുടർന്നുകൊണ്ടിരിക്കും. ഒറ്റയ്ക്കല്ല സംഘമായിട്ടാണ് ആക്രമണം. ശവം അങ്ങനെ പല കൈകളിലും മാറിമാറി പൊയ്ക്കൊണ്ടിരിക്കും. ഒടുവിൽ ജയിച്ച കൂട്ടർ ശവം കൊണ്ടുപോയി ബഡേയുടെ നടുവിലെ തട്ടിലെ ബാലേബലേനിൽ ബന്ധിക്കും.

അതുകഴിഞ്ഞാൽ എല്ലാവർക്കും സദ്യയുണ്ട്. സദ്യ കഴിഞ്ഞാൽ ഉടനെ ഗ്രാമത്തിലെ പെരുമ്പറകൊട്ടി സേമയിലേക്കുള്ള ഘോഷയാത്ര പുറപ്പെടാറായി എന്ന വാർത്ത ഗ്രാമവാസികളെ അറിയിക്കുന്നു. പിന്നെ ശ്മശാനഘോഷയാത്ര നീങ്ങുകയായി.

ഏറ്റവും മുമ്പേ നടക്കുന്നതു വാദ്യക്കാരാണ്. പിന്നെ കുന്തക്കാരും കൊടിക്കൂറക്കാരും നടക്കുന്നു. അവരുടെ പിറകെ ബാരീസ് നൃത്തസംഘം. ഒരു യുദ്ധനൃത്തം അഭിനയിച്ച് ആർപ്പുവിളികളോടെ വട്ടംചുറ്റി മുന്നോട്ടുനിരങ്ങുന്നു. മരമൃഗങ്ങളെ ചുമന്നുകൊണ്ട് ഒരു കൂട്ടർ നൃത്തക്കാരെ പിന്തുടരുന്നു. പരേതന്റെ ബന്ധുക്കൾ ആ ശവപ്പെട്ടികൾക്കു മീതെ നീണ്ട മുളങ്കാലുകളോടുകൂടിയ ഓലക്കുടകൾ ചൂടിക്കൊടുക്കുന്നു. ആത്മാക്കളെ പിടിച്ചടക്കിയ കോലങ്ങളും മറ്റു മാന്ത്രികമാറാപ്പുകളും വെള്ളിത്താലങ്ങളിൽ കുത്തിനിർത്തി ആ താലങ്ങളും തലയിലേറ്റി തരുണീമണികൾ നീങ്ങുന്നു. ആ താലപ്പൊലിയുടെ പിറകെ ശവഗോപുരം ആകാശത്തിൽ ആടിക്കൊണ്ടുവരുന്നു. ഗോപുരത്തിൽ ശവം കെട്ടിയിട്ടു തട്ടിനോടു ബന്ധിച്ച ഒരു കയർ പുരോഹിതന്മാരുടെ ദേഹങ്ങളെയും ബന്ധിച്ചുകൊണ്ടാണ് പോകുന്നത്. ഇതാണ് 'നാഗബന്ധം'- പരേതന്മാരുടെ

ആത്മാക്കളെ പുരോഹിതന്മാർ ആ പാശത്തിലൂടെ ബന്ധിച്ചുനിർത്തിയിരിക്കയാണ്, കയറിന്റെ അവശേഷിച്ച ഭാഗം പരേതന്റെ കുടുംബാംഗങ്ങൾ താങ്ങിക്കൊണ്ടുവരുന്നുണ്ട്. ദേഹം മുഴുവനും ചായംപൂശി മുഖംമൂടികൾ ധരിച്ച ചില പറയന്മാർ ചെകുത്താന്മാരെപ്പോലെ കൂക്കിവിളിക്കുന്നു. പടക്കങ്ങൾ പട- പടേന്നു പൊട്ടുന്നു. ആ ഘോഷയാത്ര പൊടിപടലം പിറകിൽ വിട്ടുകൊണ്ടു മുമ്പോട്ടു നീങ്ങുന്നു...

...ശവം ബാലേശ്ലമിയിൽ എത്തിയാൽ, പാട്ടൂലങ്ങന്റെ പുറത്തെ മൂടി തുറന്ന് അതിൽ നിക്ഷേപിക്കും. പിന്നെ പുരോഹിതന്റെ കർമ്മങ്ങൾ തുടങ്ങുകയായി...

...ചിതയിൽ ശവം ദഹിച്ചുകൊണ്ടിരിക്കെ 'അങ്ക്ലൂങ്'' വാദ്യഘോഷവും 'ഗാംബാങ്'' സംഗീതവും മുഴങ്ങുന്നുണ്ടാകും. കുടുംബാംഗങ്ങൾ നീണ്ട ഒരു മുളവടികൊണ്ടു മറിച്ചിട്ടു ദഹനത്തിനു വേഗം കൂട്ടും.

ഉച്ചകഴിയുമ്പോഴേക്കും ശവം വെണ്ണുവെണ്ണീറായിത്തീരും. പുരോഹിതൻ തീർത്ഥം തളിച്ചു തീ കെടുത്തും...' (പു. 849 - 59)

ഇങ്ങനെ പോകുന്നു ബാലിയിലെ ശവസംസ്കാരച്ചടങ്ങുകളുടെ വർണ്ണന.

**തെങ്കാനൻ**

ബാലിയുടെ ചരിത്രത്തിലെ നിഗൂഢതകളിലൊന്നാണ് നരഭോജികളെന്നു കരുതപ്പെടുന്ന തെങ്കാനൻ വർഗ്ഗക്കാരെപ്പറ്റിയുള്ള പരാമർശങ്ങൾ. തെങ്കാനനിലെ ബാലിമൂലക്കാർ ഒരുകാലത്ത് ഗ്രാമത്തിലെ വൃദ്ധജനങ്ങളെ കൊന്നുതിന്നിരുന്നതായി പറയപ്പെടുന്നു. വൃദ്ധജനങ്ങളെ ബലികഴിച്ച്, അവരുടെ മാംസം പാകം ചെയ്തു ഭക്ഷിച്ച് പൂർവ്വികരുടെ വീര്യവും ശുദ്ധിയും തങ്ങളിലേയ്ക്കാവാഹിച്ചെടുക്കാൻ കഴിയുമെന്ന് ഇവർ വിശ്വസിക്കുന്നു. ഇപ്പോൾ നടപ്പില്ലെങ്കിലും പൂർവ്വകാലത്ത് ഇവിടെ അത്തരം വൃദ്ധബലിവിരുന്നുകളും അതുമായി ബന്ധപ്പെട്ട ഉത്സവാഘോഷങ്ങളുമുണ്ടായിരുന്നു എന്നാണ് കരുതുന്നത്.

പിൽക്കാലത്ത് ഈ ശവഭോജനം കൂടുതൽ പ്രതീകാത്മകമായ മറ്റൊരാചാരത്തിനു വഴിമാറി. അത് പൊറ്റെക്കാട്ടിന്റെതന്നെ വാക്കുകളിൽ ഇങ്ങനെയാണ്:

'തെങ്കാനൻ ഗ്രാമത്തിലെ ആളുകൾ മരിച്ചാൽ ശവത്തെ കുളിപ്പിക്കുന്നത് ഒരു വലിയ നെൽക്കറ്റയിൽ കിടത്തിയിട്ടാണ്. ശവം കഴുകിയ വെള്ളത്തിൽ കുതിർത്ത നെൽക്കറ്റ കൊണ്ടുപോയി ഉണക്കി കുത്തി അരിയാക്കി, ആ അരി വേവിച്ചുണ്ടാക്കിയ ചോറുകൊണ്ട് ഒരാൾരൂപം നിർമ്മിച്ച്, ആ ചോറുമനുഷ്യന്റെ അവയവങ്ങൾ പരേതന്റെ അനന്തരാവകാശികൾ ഭക്ഷിക്കാറുണ്ടത്രേ. പണ്ടുകാലത്ത് വയസ്സന്മാരെ കൊന്നു ഭക്ഷിക്കുന്നതിന്റെ ഓർമ്മയ്ക്കു വേണ്ടിയായിരിക്കാം തെങ്കാനൻകാർ ഇന്നും ഇങ്ങനെയൊരു ചടങ്ങ് അനുവർത്തിച്ചുവരുന്നത്' (2017: 840).

തമിഴ്നാട്ടിലും കർണാടകയിലും മറ്റും ഇപ്പോഴും വാദ്യഘോഷങ്ങളുടെ അകമ്പടിയോടെയുള്ള ശവസംസ്കാരം പതിവുണ്ട്. സി. ഇ. ഏഴാം നൂറ്റാണ്ടു മുതൽ പ്രബലമായ ശൈവ, ശാക്തേയ, കാപാലിക ആരാധനകളുടെ ചിഹ്നങ്ങൾ ശവസംസ്കാരത്തിലും നരബലി, ശവഭോജനമിത്തുകളിലും പൊതുവായി കാണാം. ചോളസാമ്രാജ്യം ശക്തിപ്പെടുന്നതോടെ ഇതു വർദ്ധിക്കുന്നതായും കാണാം. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾവരെ വ്യാപിക്കുന്ന ചോളസ്വാധീനം, അതിർവരമ്പുകൾ മാഞ്ഞ് ഒന്നായിത്തീരുന്ന വജ്രയാനബുദ്ധമത - താന്ത്രികബ്രാഹ്മണിക ആരാധനാക്രമങ്ങൾ, കണ്ണകീപുരാവൃത്തവുമായി ബന്ധപ്പെട്ട കേരളത്തിലെ ആരാധനാലയങ്ങൾ – ഇവയെല്ലാം ഏതാനും നൂറ്റാണ്ടുകളുടെ ഇടവേളകളിൽ തെന്നിന്ത്യയെയും തെന്നേഷ്യയെയും ഇണക്കുന്നു. ഇങ്ങനെ പല ഘടകങ്ങളും ഒരു ജിഗ്സോ പസിൽ പോലെ ചേർത്തുവച്ചാൽ തടിതുള്ളലിനെ ഇവയോടെല്ലാം ബന്ധിപ്പിക്കാവുന്ന ഒരു പ്രതീകാത്മക അനുഷ്ഠാനമായി വായിക്കാവുന്നതേയുള്ളൂ. ഇപ്പോഴും പല ശവസംസ്കാരച്ചടങ്ങുകളുടെയും പിന്നാമ്പുറത്ത് ചിലരെങ്കിലും രഹസ്യമായി എന്നാൽ പൊതുസമ്മതിയോടെ മൃതദേഹം ചുടലയിലേക്കു കൊണ്ടുപോകുന്നവർക്കെങ്കിലും മദ്യവിതരണം നടത്താറുണ്ട്. കേരളത്തിൽ അടുത്തകാലത്ത് നരബലി റിപ്പോർട്ടു ചെയ്യപ്പെട്ടപ്പോൾ കൊലചെയ്യപ്പെട്ടവരുടെ ശേഷികൾ പകർന്നുകിട്ടുമെന്ന ധാരണയിലാണ് കുറ്റകൃത്യം നടത്തിയതെന്നാണ് പ്രതികൾ നൽകിയ സാധൂകരണം. 'കൊല്ലാനുള്ള ദേഷ്യ'മെന്നും 'കടിച്ചുതിന്നാൻ തോന്നുന്നത്ര ഇഷ്ട'മെന്നുമൊക്കെയുള്ള ഭാഷാപ്രയോഗങ്ങൾ അത്ര നിഷ്കളങ്കമാണോ?

അവയുടെ പിന്നാമ്പുറക്കഥകൾ ഏതൊക്കെ ചരിത്രസന്ധികളിലേക്കാകും കൂട്ടിക്കൊണ്ടുപോകുക?

**ബുദ്ധമതകേന്ദ്രങ്ങളിൽ നടന്ന കൊല്ലാക്കൊലകളുടെ നാടകീയാവിഷ്കാരം**

ഇനി തടിതുള്ളലിന്റെ ചടങ്ങുകളത്രയും ഈ നൂറ്റാണ്ടിന്റെ വർത്തമാനകാലസന്ദർഭത്തിൽ നിന്നടർത്തിമാറ്റി സി. ഇ. ഏഴാം നൂറ്റാണ്ടിലോ എട്ടാം നൂറ്റാണ്ടിലോ പ്രതിഷ്ഠിച്ചാൽ ഇതിൽ വിശദീകരിക്കുന്ന കാര്യങ്ങളെല്ലാം ബുദ്ധമതത്തെ അകത്തുനിന്ന് ആശയപരമായും ഭൗതികമായും പിളർത്താൻവേണ്ടി ബ്രാഹ്മണ്യത്തിന്റെ ഒത്താശയോടെ വളർന്ന വജ്രയാന താന്ത്രികാനുഷ്ഠനങ്ങളുമായും നരഭോജികളും ശവഭോജികളുമായ കാപാലികരുടെ അനുഷ്ഠാനങ്ങളുമായും സാധർമ്മ്യം പുലർത്തുന്നതായി കാണാൻ കഴിയും. അതുപോലെ ബുദ്ധഭിക്ഷുക്കളെ വാരിക്കുന്തം കൊണ്ടു കുത്തിക്കൊന്ന് നെഞ്ചിൽ തറഞ്ഞുനിൽക്കുന്ന ആ കുന്തത്തിന്റെയറ്റത്ത് തുണിചുറ്റി തീകൊളുത്തി ചിതയിൽവച്ച് ചുട്ട് ശവമഞ്ചത്തിൽ ചുമന്നു കൊട്ടും മേളവുമായി മദ്യപിച്ച് കൊണ്ടുവന്ന് ചുടലമൂർത്തിക്കു സമർപ്പിച്ച് ശിഷ്ടഭാഗം തിന്നാൻകൊണ്ടുപോകുന്ന ഒരു ചരിത്രദൃശ്യവും ഇതിൽനിന്നു തെളിഞ്ഞുവരും. അതായത് കൊടുംകൊല്ലൂർ നിന്ന് ചേർ-തല വഴി 'തലയാഴ'ത്തും ഒടുവിൽ 'കല്ലറ'യിലും എത്തുന്ന ഒരു 'കൊലതുള്ളൽ'! പടയണിയുടെ ഭൈരവിക്കോലം തുള്ളുന്ന പാട്ടു ശ്രദ്ധിക്കുക:

'ദൈത്യാധിപനെത്തട്ടിമറിച്ചിട്ടുടലേറി-
കാൽത്താരടികൊണ്ടേറ്റമുറപ്പോടു ചവിട്ടി
നെഞ്ചിൽ തൃശ്ശൂലം തറച്ചു വാളാ-
ലഞ്ചാതെ കണ്ഠം മുറിച്ചുടനേ
അരുവിക്കെതിർവരുമന്നിണമമൃതാശു കഴിച്ചു
വിരവിൽ പിണമിഹ കുളിഗണങ്ങൾക്കു കൊടുത്തു.'

'തടി' എന്ന വാക്കിന് ശരീരം എന്നാണ് അർത്ഥം. 'തടി കേടാവുക', 'തടി തപ്പി', 'തടി കഴിച്ചിലാവുക', 'തടി വീണുപോവുക' തുടങ്ങിയ പ്രയോഗങ്ങളിലെല്ലാം തടി എന്ന വാക്ക് ശരീരസൂചനയോടെതന്നെയാണ് ഉപയോഗിക്കുന്നത്. ജീവനില്ലാത്ത ശരീരത്തെ സൂചിപ്പിക്കാനും ഈ വാക്കു തന്നെ ഉപ

യോഗിക്കാം. വഴിപാട്ടുതടി പാകമായോ എന്നു നോക്കാൻ ഞെക്കിനോക്കുമ്പോൾ ശരീരപേശികളുടെ മാർദ്ദവവും ദൃഢതയും വന്നാലാണ് പാകമായി എന്നുറപ്പാക്കുക.

തെക്കുകിഴക്കേ ഏഷ്യയിൽനിന്നു കണ്ടെടുത്ത ഏറ്റവും പഴക്കംചെന്ന സംഗീതോപകരണം വിയറ്റ്നാമിൽനിന്നു കിട്ടിയ രണ്ടായിരം വർഷത്തിലേറെ പഴക്കമുള്ള മ്ലാവിൻകൊമ്പുകൊണ്ടുള്ള കോഡോഫോൺ ആണെന്നു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. രുചികരമായ ഭക്ഷണത്തിന്റെ നാദരൂപമായിട്ടാണ് മൃഗജന്യവാദ്യങ്ങൾ കരുതപ്പെടുന്നത്.

ഒരുകാലത്ത് ബുദ്ധമതാനുയായികളായിരുന്ന ഈഴവർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലാണ് തടിതുള്ളൽ നടപ്പുള്ളത്. വൈക്കവും തിരുമണിവെങ്കിടപുരവും തേരാവാദാ ബുദ്ധമതകേന്ദ്രങ്ങളായിരിക്കാമെന്നു സൂചിപ്പിക്കുന്ന ക്ഷേത്രങ്ങൾ രണ്ടിടത്തുമുണ്ട്. പിന്നീട് മഹായാന, വജ്രയാന ആദേശം സംഭവിച്ചിട്ടുള്ളതാകാം. ചേർത്തലയ്ക്ക് കുറച്ചു തെക്കുമാറി ആലപ്പുഴ കളപ്പുര ഘണ്ടാകർണ്ണക്ഷേത്രത്തിനു നേരേ എതിർവശം പണ്ട് ഒരു പാർക്കായിരുന്നു. അതിനും മുമ്പ് വെളിമ്പറമ്പായി കിടക്കുമ്പോൾ പുന്നപ്ര- വയലാർ സമരകാലത്ത് കൊലചെയ്യപ്പെട്ടവരെ കൂട്ടിയിട്ടു കത്തിച്ചിരുന്നതായി പഴമക്കാർ ഓർമ്മിക്കുന്നു. അതിനും നൂറ്റാണ്ടുകൾ മുമ്പ് ബുദ്ധഭിക്ഷുക്കളെ വാരിക്കുന്തംകൊണ്ടു കുത്തിക്കോർത്തു മറവുചെയ്ത ഒരു കുളമായിരുന്നു എന്നു പറയപ്പെടുന്നു. ഇതിനു തൊട്ടുചേർന്നുള്ള കളപ്പുര ഘണ്ടാകർണ്ണക്ഷേത്രത്തിലും ഇതേ വഴിപാട് ഉണ്ട്. പറവൂർ ഭാഗത്ത് തടിക്ക് 'തെണ്ട്' എന്നാണ് പറയുക. സംസ്കൃതത്തിലെ ദണ്ഡ് ആയിരിക്കാം 'തെണ്ട്' ആയത് എന്നാണ് ഇന്ന് ഇതാചരിക്കുന്നവർ പറയുന്നത്. പക്ഷേ അതിനേക്കാൾ സാദ്ധ്യത 'തെണ്ടി' അഥവാ 'ഭിക്ഷു' ആകാനാണ്. ഭിക്ഷുക്കളെ കൊന്ന്, ചുട്ടുതിന്നതിനെ ആയിരിക്കുമോ ഇതു സൂചിപ്പിക്കുന്നത്?

വസൂരിയുമായി തടിതുള്ളലിനു ബന്ധം കല്പിക്കുന്നതുകൊണ്ട് വസൂരിരോഗം സുഖപ്പെടുത്താനുള്ള വഴിപാടായും ഇത് ആചരിച്ചുപോരുന്നു. പൊതുവേ കേരളത്തിലെ പല ദേവീക്ഷേത്രങ്ങൾക്കും ഈ വസൂരിബന്ധമുണ്ട്. ഒരാൾക്കു രോഗം ബാധിക്കുക. അത് മറ്റുള്ളവരിലേക്ക് മഹാമാരിയായി പടരുക. ആ

ജനവിഭാഗത്തെത്തന്നെ തുടച്ചുമാറ്റുക. ഇതാണല്ലോ വസൂരിയുടെ രീതി. ഇത് ശാക്തേയ, താന്ത്രിക, കാപാലിക ആരാധനകളുടെ പ്രതീകാത്മകസ്വഭാവം കൂടിയല്ലേ? എല്ലാത്തരം മത, വർണ്ണ, വംശവെറികളുടെയും സ്വഭാവം അതുതന്നെയാണ്. തന്ത്രം എന്ന പേരിനുതന്നെ മന്ത്രത്തിന്റെ ചിത്രരൂപം എന്നാണ് അർത്ഥം. അപ്പോൾ പ്രതീകാത്മകതയും രൂപകസ്വഭാവവും താന്ത്രികത്തിനു സഹജമാണ്. ആരാധനാസ്വഭാവത്തെ രോഗസ്വഭാവവുമായി അഭേദകല്പന ചെയ്യുന്നത് തികച്ചും സ്വാഭാവികം.

**കുറിപ്പുകൾ**

1. 'For the very possibility of a history of lieux de memoire demonstrates the existence of an invisible thread linking apparently unconnected objects...There is a differentiated network to which all of which separate identities belong, an unconscious organization of collective memory that it is our responsibility to bring to consciousness...
One simple but decesive trait of lieux de memoire sets them apart from every type of history to which we have become accustomed, ancient or modern. Every previous historical or scientific approach to memory, whether national or social, has concerned itself with realia with things in themselves and in their immediate reality; or rather, they are their own referent: pure, exclusively self- referential signs.'
(Pierre Nora, Between Memory and History: lieuex de memoire, Trans. by Marc Roudebush, 1989.)

2. 'The concept of 'theatres of memory ' for instance, which was coined by the English historian Raphael Samuel also combines theoretical approaches to cultural memory with historical analysis of memory cultures, in this case, British memory culture... According to Samuel, we live in a vibrant historical culture and the rise of heritage and living history testifies to an expanding and intrinsically democratic sense of history. The project of inventorying 'theatres of memory 'pays tribute to popular heritage culture, thus writing a mneumo- history from

below, which both reflects and propels the democratisation of history.'

(Birgit Neumann, Ansgar Nunning (ed.), Travelling Concepts for the Study of Culture, Hubert & Co. K. Gottingen, 2012.)

## സഹായകഗ്രന്ഥങ്ങൾ

അജയ് ശേഖർ, 2005 *പുത്തൻ കേരളം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള, 2005 *ഇളംകുളം കുഞ്ഞൻപിള്ളയുടെ തെരഞ്ഞെടുത്ത കൃതികൾ- വാല്യം 1,* (എഡി. എൻ. സാം) കേരള സർവ്വകലാശാല, തിരുവനന്തപുരം.

ഗോപാലകൃഷ്ണൻ, പി. കെ., 2008 *കേരളത്തിന്റെ സാംസ്കാരികചരിത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നവജ്യോതി ശ്രീ കരുണാകരഗുരു 1981 *മാനവരാശി ഇന്നലെ ഇന്ന് നാളെ*, ശാന്തിഗിരി പബ്ലിക്കേഷൻസ്, പോത്തൻകോട്.

---, 1993 *സംസ്കാരത്തിന്റെ പാത*, ശാന്തിഗിരി പബ്ലിക്കേഷൻസ്, പോത്തൻകോട്.

പവനൻ, സി. പി. രാജേന്ദ്രൻ, 2008 *ബൗദ്ധസ്വാധീനം കേരളത്തിൽ: ഒരു സാംസ്കാരികപഠനം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പൊറ്റെക്കാട്ട്, എസ്. കെ. 2017 *സഞ്ചാരസാഹിത്യം -വാല്യം 2*, ഡി. സി. ബുക്സ്, കോട്ടയം.

വാലത്ത്, വി. വി. കെ. 1991 *കേരളത്തിലെ സ്ഥലചരിത്രങ്ങൾ* (നാലു വാല്യങ്ങൾ), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

Assmann, Jan 2006 *Religion and Cultural Memory: Ten Studies*, Rodney Livingstone (Trans.), Stanford University Press, California.

Campos, Fredeliza Z et al. 'In search of a musical past: evidence for early chordophones from Vietnam', *Antiquity,* Volume 97, Issue 391, Cambridge University Press, February 2023, p. 141-157.

Carrier, Peter. 2000 'Places, Politics and the archiving of Contemporary Memory in Pierre Nora 's Les Lieux de memoire', *Memory and Methodology,* Routledge.

Hardy, Friedhelm(Ed.). 1990 T*he World's Religions: The Religions of Asia,* Routledge, London.

Lisa Tota, Anna and Traver Hagen (Ed.) 2016 *Routledge International Handbook of Memory Studies*, Routledge, London & New York.

Neumann, Birgit, Ansgar Nunning (Ed.). 2012 *Travelling Concepts for the Study of Culture,* Hubert & Co. K. Gottingen.

Nora, Pierre. 1989 *Between Memory and History: lieuex de memoire*, Marc Roudebush (Trans).

Nora, Pierre. 1996- 1998 Realms of Memory: The Construction of the French Past 3 Volumes, English Lanuage Edition Ed. Lawrence D Kritzman, Trans. Goldhammer, Columbia University Press, New York.

Vickers, Adrian. 1990 'Balinese Texts and Historiography', *History and Theory* Volume: 29, No: 2, Wiley Publishers, May 1990.

swapnasreenivasan@gmail.com